***DEPARTMENT OF BOTANY***
***UNIVERSITY OF CALICUT***
**THENHIPALAM - 673 635,**
***KERALA, INDIA***

**SANTHOSH NAMPY Ph. D.**
**Professor & Head**

**email: headbotanycu@gmail.com**
**0494-2407406, 0494-2407407**

---

BOT/Gen./ 2018-19 Dated: 01.03.2019

# പത്രക്കുറിപ്പ്

**(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)**

## ത്രിദിന ദേശീയ സെമിനാർ

കാലിക്കറ്റ് യൂണിവേഴ്സിറ്റി ബോട്ടണി വകുപ്പിൽ **"സസ്യശാസ്ത്രത്തിലെ വെല്ലുവിളികളും വീക്ഷണങ്ങളും"** എന്ന വിഷയത്തെ അസ്പദമാക്കിയുള്ള ത്രിദിന ദേശീയ സെമിനാർ കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലൻ ഡോ. കെ. മുഹമ്മദ് ബഷീർ ഉത്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ ബോട്ടണി വകുപ്പിൽ നിന്നും ഈ വർഷം വിരമിക്കുന്ന പ്രൊഫ. എം. സാബുവിനെ ആദരിച്ചു. സെമിനാറിൽ മാനസരോവർ ഗ്ലോബൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. എ.കെ. പാണ്ഡെ, ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യ മുൻ ഡയറക്ടർ ഡോ. എം. സഞ്ചപ്പ, ഡോ. ആർ. ആർ. റാവു, ഡോ. രാജേഷ് ടാന്റൻ, ഡോ. പ്രേംലാൽ ഉനിയാൽ, ഡോ. കെ.പി. രാജേഷ്, ഡോ. സി. സുനീത എന്നിവർ പങ്കെടുത്തു. ഇന്ത്യയുടെ ഫ്ലോറ തയ്യാറാക്കുന്നതിന് സംയോജിത പ്രവർത്തനങ്ങൾ അനിവര്യമാണെന്ന് ഡോ. എം. സഞ്ചപ്പ അഭിപ്രായപ്പെട്ടു. സസ്യവർഗീകരണ ശാസ്ത്ര ശാഖയെ പരിപോഷിപ്പിക്കാനായി യുവാക്കൾ മുന്നിട്ടിറങ്ങണമെന്ന് ഡോ. ആർ. ആർ. റാവു വ്യക്തമാക്കി. ഡോ. രാജേഷ് ടാന്റൻ സസ്യങ്ങളുടെ പരാഗണത്തെയും പരാഗകാരികളെയും കുറിച്ച് പ്രഭാഷണം നടത്തി. വിവിധ വിഷയങ്ങളിലായി 40 ലേറെ പ്രബന്ധങ്ങൾ അവതരിക്കപ്പെട്ടു. സെമിനാർ ഇന്ന് സമാപിക്കും.

വിശ്വസ്തതയോടെ

(ഒപ്പ്)

**ഹെഡ് ഓഫ് ദി. ഡിപ്പാർട്ട്മെന്റ്**
**(ബോട്ടണി വിഭാഗം)**